ര്യങ്ങൾ വളരെയധികമുണ്ട്. ജനങ്ങൾക്ക് ആവശ്യമുള്ളപ്പോഴൊക്കെ ആരോഗ്യസേവനം ലഭ്യമാക്കുന്നതിന് ഈ ഗതാഗതസൗകര്യം പ്രയോജനപ്പെടുന്നു.

എന്നാൽ, ആരോഗ്യരംഗത്തുള്ള പുരോഗതിക്ക് കേരളം പരമാവധി കടപ്പെട്ടിട്ടുള്ളതു സാക്ഷരതയോടാകുന്നു. വിദ്യാഭ്യാസം, സാമൂഹ്യ—രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനങ്ങൾ എന്നിവയുടെ ഫലമായി ആരോഗ്യത്തെപ്പറ്റി കേരളീയർ വളരെയധികം ബോധവാന്മാരായിട്ടുണ്ട്.

കേരളത്തിലെ പൊതുജനാരോഗ്യ നിലവാരം ഉയർത്തുന്നതിൽ കേരളീയരുടെ രണ്ടു ശീലങ്ങൾ ഉപകരിച്ചിട്ടുള്ളതായി ലോകാരോഗ്യസംഘടനയുടെ കുറിപ്പിൽ പ്രസ്താവിക്കുന്നുണ്ട്. ജീരകമിട്ടു തിളപ്പിച്ച വെള്ളം കുടിക്കുന്ന ശീലമാണ് ഇവയിലൊന്ന്; മറ്റൊന്ന് ചോറു വാർത്തെടുത്തശേഷം അവശേഷിക്കുന്ന കഞ്ഞി കുടിക്കുന്ന സമ്പ്രദായവും. കേരളത്തിൽ രോഗവും മരണവും കുറയുന്നതിന് ഈ രണ്ട് എളിയ വഴക്കങ്ങൾ ഉപകരിക്കുന്നുണ്ടാവണമെന്നു ലോകാരോഗ്യസംഘടന കരുതുന്നു.

ഒരു ജനത സാമ്പത്തികമായി താരതമ്യേന പിന്നിലാണെങ്കിലും വിദ്യാഭ്യാസവും പൊതുജനങ്ങളുടെ അവബോധവും പൊതുജനാരോഗ്യ സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതുവഴി അവർക്ക് ആരോഗ്യവും താരതമ്യേന ദീർഘമായ ആയുസ്സും നല്കി ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്താമെന്നതിന് ഉദാഹരണമായി കേരളമാതൃകയെ ലോകാരോഗ്യസംഘടന എടുത്തുകാട്ടുന്നുണ്ട്.

ശിശുമരണം കുറയുന്ന തോതിനു ശിശുജനനവും സ്വാഭാവികമായി കുറയുമെന്നാണു ജനസംഖ്യാശാസ്ത്രസിദ്ധാന്തം. പക്ഷേ, പ്രയോഗത്തിൽ കേരളത്തിൽ ഇതു കാണാനില്ല. ശിശുമരണം താഴ്ന്നുവന്നിട്ടും ഇവിടെ ഉയർന്ന ശിശുജനനത്തോതു നിലനില്ക്കുന്നു. ഇതിന്റെ ഫലമായി ജനസംഖ്യ നിരന്തരം വർധിച്ചുവരികയും ചെയ്യുന്നു. വിശദീകരിക്കാൻ കഴിയാത്ത ഒരത്ഭുതമായാണു പല ജനസംഖ്യാശാസ്ത്രജ്ഞരും ഈ 'വൈരുദ്ധ്യ'ത്തെ ചിത്രീകരിക്കുന്നത്.

(26 ഒക്ടോബർ, 1988)

## 43. കയർ

പിരി ഉടഞ്ഞ ചൂടിപോലെ ദുർബലമാണ് കേരളത്തിന്റെ സമ്പദ്ഘടന. അതിന്റെ അടിത്തറ ആദായകരമല്ലാത്ത നെൽകൃഷിയും പറമ്പുകൃഷിയും ആകുന്നു. പാരമ്പര്യസിദ്ധമായ ജീവിതസമ്പ്രദായം പിൻതുടരുന്നതു സ്വാഭാവികമാകയാലാണ്, എന്തെങ്കിലും ആദായം ഉണ്ടാകാമെന്ന ഉദ്ദേശ്യത്തോടെയല്ല കേരളത്തിലെ ഭൂരിഭാഗം കർഷകരും പാടങ്ങളിലും പറമ്പുകളിലും പണിയെടുക്കുന്നത്.

വ്യവസായവൽക്കരണത്തിന് പല പരിശ്രമങ്ങളും കേരളത്തിൽ നടന്നിട്ടുണ്ടെങ്കിലും അവയൊന്നും പര്യാപ്തങ്ങളോ ആസൂത്രിതങ്ങളോ ആയിരുന്നില്ല. തൊഴിലില്ലായ്മയുടെ രൂക്ഷത അല്പമെങ്കിലും കുറയ്ക്കുന്നതു കേരളത്തിൽ ആധുനികവ്യവസായങ്ങളല്ല, പാരമ്പര്യവ്യവസായങ്ങൾ ആകുന്നു. പാരമ്പര്യവ്യവസായങ്ങളിൽ എന്തുകൊണ്ടും പ്രധാനമായ കയർവ്യവസായം നിരന്തരമായി തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കയർവ്യവസായത്തെ ബാധിച്ചിരിക്കുന്ന രോഗങ്ങളെപ്പറ്റി പ്ലാനിംഗ് കമ്മീഷൻ നടത്തിയ ഒരു പഠനത്തിന്റെ ഫലങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ പഠനത്തിൽ എല്ലാ കേരളീയരുടെയും ശ്രദ്ധ പതിയേണ്ടത് ആവശ്യമാണ്.

പരുത്തി, ചണം, ഹെമ്പ്, ഫ്ളാക്സ്, സീസൽ മുതലായ പ്രകൃതിയിൽ

നിന്നു കിട്ടുന്ന എല്ലാ നാരുകൾക്കും ഇപ്പോൾ കൃത്രിമമായ പ്ലാസ്റ്റിക് നാരുകളോട് അസമമായ ഒരു മത്സരത്തിൽ ഏർപ്പെടേണ്ടതായി വരുന്നുണ്ടെന്ന് പ്ലാനിംഗ്കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നു. ചകിരിനാരിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. കയറിന്റെ ഉല്പാദനച്ചെലവു കുറയ്ക്കുക, ഗുണനിലവാരം ഉയർത്തുക, പുതിയ ഉപയോഗങ്ങൾ കണ്ടുപിടിക്കുക, ചകിരിനാരിന്റെ പാര്യന്തിക ഉപയോഗങ്ങൾ വൈവിധ്യവൽക്കരിക്കുക എന്നീ നാലു മാർഗങ്ങളിലൂടെ മാത്രമേ കയർവ്യവസായത്തെ തുടർന്നു നിലനിർത്തുവാൻ കഴിയൂ.

ഉല്പാദനച്ചെലവു കുറയ്ക്കുകയും ഗുണനിലവാരം ഉയർത്തുകയും ചെയ്യണമെങ്കിൽ കയർവ്യവസായത്തിൽ തൊണ്ടുതല്ലൽ, കയർ പിരിക്കൽ, പായ നെയ്യൽ മുതലായ വ്യത്യസ്ത ഘട്ടങ്ങളിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തേണ്ടതുണ്ട്. യന്ത്രങ്ങൾ ഉപയോഗിക്കുന്ന തോതിന് മനുഷ്യാദ്ധ്വാനത്തിന്റെ ആവശ്യം കുറയുമല്ലോ. കയർത്തൊഴിലാളികൾക്കിടയിൽ തൊഴിലില്ലായ്മ വളർത്തുമെന്ന പേരിൽ കേരളത്തിലെ ജനങ്ങളും സർക്കാരും യന്ത്രവൽക്കരണത്തെ ശക്തിയായി എതിർത്തുകൊണ്ടിരിക്കുകയാണ്. യന്ത്രവൽക്കരണംമൂലം കുറഞ്ഞ കാലത്തേക്കു തൊഴിലില്ലായ്മ വർദ്ധിക്കുമെന്നതു ശരിതന്നെ. എന്നാൽ, യന്ത്രവൽക്കരിക്കാതെ കയർഉല്പന്നങ്ങളുടെ വില കുറയ്ക്കാൻ പററില്ല. വില കുറയ്ക്കാതെ അന്താരാഷ്ട്രവിപണിയിൽ മററു രാജ്യങ്ങളോടു മത്സരിച്ച് കേരളത്തിന് അതിന്റെ കയർ ഉല്പന്നങ്ങൾ വിററഴിക്കുവാനും സാധ്യമാവുകയില്ല. അതിനാൽ കയർ വ്യവസായം നിലനിർത്തണമെങ്കിൽ അതിനെ യന്ത്രവൽക്കരിക്കുകയല്ലാതെ മറെറാരു പോംവഴിയില്ല. പ്ലാനിംഗ്കമ്മീഷൻ ഊന്നിപ്പറയുന്ന ഈ അടിസ്ഥാനവസ്തുത കേരളത്തിൽ കയർവ്യവസായവുമായി ബന്ധപ്പെട്ട എല്ലാവരും ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്.

കൃത്രിമനാരുകളിൽനിന്നുള്ള മത്സരംപോലെ കയർ ഉല്പാദിപ്പിക്കുന്ന മററു രാജ്യങ്ങളിൽനിന്നുള്ള മത്സരവും അന്താരാഷ്ട്രീയവിപണിയിൽനിന്നു കേരളത്തിലെ കയർ ഉല്പന്നങ്ങളെ പുറംതള്ളുന്നുണ്ട്. അന്താരാഷ്ട്രീയ കയർവിപണി ഇപ്പോൾ ഏറെക്കുറെ ശ്രീലങ്കയുടെ കൈയിലാണെന്നു പറയാം. 1984–ൽ ലോക കയർവ്യാപാരത്തിന്റെ അറുപത്തെട്ട് ശതമാനം ശ്രീലങ്കയിൽനിന്നുള്ള കയററുമതിയായിരുന്നു. 1985–ൽ ലോക കയർവ്യാപാരത്തിൽ ശ്രീലങ്കയുടെ പങ്ക് എഴുപത്തിരണ്ട് ദശാംശം രണ്ട് ആയി വർദ്ധിച്ചു. ഇതിൽനിന്ന് ആണ്ടോടാണ്ട് ശ്രീലങ്കയുടെ കയർവ്യാപാരം വർദ്ധിച്ചുവരികയാണെന്നു കാണാം. അതേസമയത്ത് ലോക കയർവ്യാപാരത്തിൽ ഇന്ത്യയുടെ പങ്ക് 1984–ൽ ഇരുപത്തഞ്ചു ശതമാനമായിരുന്നത് അടുത്ത ആണ്ടിൽ ഇരുപത്തിരണ്ടു ശതമാനമായി കുറഞ്ഞു. ഇന്ത്യയിൽനിന്ന് ഈ രണ്ടു വർഷങ്ങളിൽ പലതരം കയർ ഉല്പന്നങ്ങളുടെ കയററുമതി താഴെ ചേർക്കും പ്രകാരം ആയിരുന്നു.

| | 1984 | 1985 |
|---|---|---|
| കയർ | 13,652 ടൺ | 13,612 ടൺ |
| കയററുപായ | 7,477 ,, | 6,852 ,, |
| ചവിട്ടി | 5,366 ,, | 3,394 ,, |

ഇതിൽനിന്ന് നമ്മുടെ കയറുല്പന്നങ്ങളുടെ പ്രത്യേകിച്ചും കൂടുതൽ മനുഷ്യാദ്ധ്വാനം ആവശ്യമുള്ള സംസ്കരിച്ച ഉല്പന്നങ്ങളുടെ കയററുമതി ആണ്ടോടാണ്ട് കുറഞ്ഞുവരികയാണെന്നു കാണാം. ലോക കയർവിപണി ആകെത്തന്നെ ചുരുങ്ങിച്ചുരുങ്ങിവരികയാണ്. 1984–ൽ ലോകത്തിലെ മൊത്തം കയർ കയററുമതി ഒരുലക്ഷത്തിഏഴായിരം ടൺ ആയിരുന്നതു് 1985–ൽ ഒരുലക്ഷത്തിആറായിരം ടൺ ആയി കുറഞ്ഞു.

ഇന്ത്യയിൽ ആണ്ടുതോറും ഏതാണ്ട് നൂറു കോടി രൂപ വിലയുള്ള കയർ ഉല്പന്നങ്ങളാണ് നിർമിക്കപ്പെടുന്നതു്. (പല വർഷങ്ങളിലായി കയർ ഉല്പാദ

നത്തിൽ വർദ്ധനയില്ല; സ്ഥിരം മുരടിപ്പാണുള്ളത്.) ഇതിൽ എൺപതു ശതമാനവും കേരളത്തിലെ ഉല്പാദനമാണ്. ബാക്കി ഇരുപതു ശതമാനം തമിഴ്നാട്, കർണാടകം, ആന്ധ്രപ്രദേശം എന്നീ സ്റ്റേറ്റുകളുടെ സംഭാവനയാകുന്നു. കേരളത്തിന്റെ സവിശേഷത വെള്ളച്ചകിരിനാരിന്റെ ഉല്പാദനമാണ്. കായലുകളിൽ ദീർഘകാലം തൊണ്ടു താഴ്ത്തിയിടുന്നതുകൊണ്ടാണ് ചകിരിനാരു വെളുക്കുന്നത്. മററു സ്റ്റേററുകളിലെ ചകിരിനാരു് തവിട്ടുനിറമുള്ളതാണ്. അതിനു ഗുണവും അന്താരാഷ്ട്രീയ വിപണികളിൽ ചോദനവും കുറയും.

പക്ഷേ, വെള്ളച്ചകിരിനാരിന്റെ ഉല്പാദനം ആറാം പദ്ധതിക്കാലത്തു് ഒരുലക്ഷത്തിഅമ്പത്തീരായിരം ടണ്ണിൽനിന്നു് ഒരുലക്ഷത്തിഇരുപത്തയ്യായിരം ടൺ ആയി. അതായതു് പതിനെട്ടു ശതമാനം കുറഞ്ഞു. വരൾച്ചയോ തെങ്ങുരോഗമോ രണ്ടും ചേർന്നോ ആകാം ഈ കുറവു വരുത്തിയതു്. ഏഴാം പദ്ധതിക്കാലത്തും വെള്ളച്ചകിരിനാരിന്റെ ഉല്പാദനത്തിൽ വർദ്ധന ഉണ്ടാകുമെന്നു് പ്ലാനിംഗ്കമ്മീഷൻ കരുതുന്നില്ല. എന്നാൽ, കേരളത്തിനു പുറമെ നിർമിക്കുന്ന തവിട്ടുചകിരിനാരിന്റെ ഉല്പാദനം വർദ്ധിച്ചുവരികയാണ്. 1979—80-ൽ 32,300 ടൺ തവിട്ടു് ചകിരിനാരു് ഉല്പാദിപ്പിച്ച സ്ഥാനത്തു് 1986—87-ൽ ഉല്പാദിപ്പിച്ചതു് 50,000 ടൺ ആയിരുന്നു. കേരളത്തിൽ കയർ വ്യവസായം തളരുകയും മററു സംസ്ഥാനങ്ങളിൽ അതു വളരുകയും ആണെന്നതിനു് വേറെ തെളിവു് ആവശ്യമില്ല.

കേരളത്തിൽ കയർവ്യവസായത്തിന്റെ ക്ഷയത്തിനു് പല കാരണങ്ങളും പ്ലാനിംഗ്കമ്മീഷൻ എടുത്തുകാട്ടുന്നുണ്ട്. രോഗം ബാധിച്ച തെങ്ങുകളുടെ വിളവു കുറഞ്ഞതിനാൽ തൊണ്ടിന്റെ ലഭ്യത കുറഞ്ഞതു് ഒരു കാരണമാണ്. കേരളത്തിലെ കയർവ്യവസായത്തിൽ ഒരു പങ്ക് സഹകരണസംഘങ്ങളുടെ കൈയിലും മറെറാരു പങ്ക് സ്വകാര്യവ്യവസായികളുടെ നിയന്ത്രണത്തിലുമാകുന്നു. സഹകരണസംഘങ്ങളും സ്വകാര്യവ്യവസായികളും തമ്മിലുള്ള ആരോഗ്യകരമല്ലാത്ത മത്സരവും കയർവ്യവസായത്തെ തളർത്തുന്നുണ്ട്. പക്ഷേ, ഉല്പാദനസമ്പ്രദായം നവീകരിക്കാതെ പഴഞ്ചൻ രീതി അനുവർത്തിക്കുന്നതാണ് കേരളത്തിലെ കയർവ്യവസായത്തിന്റെ അധഃപതനത്തിന്റെ മുഖ്യകാരണമെന്നു് പ്ലാനിംഗ്കമ്മീഷൻ കരുതുന്നു.

'റീ—ടൂളിങ്ങ്' 'റീ-ട്രെയ്നിങ്ങ്' എന്ന രണ്ടു വാക്കുകൾ പ്രതിനിധാനം ചെയ്യുന്ന ആശയങ്ങൾ ഏതു വ്യവസായത്തെ സംബന്ധിച്ച ചർച്ചയിലും അത്യന്തം പ്രസക്തങ്ങളാണ്. ഉല്പാദനോപകരണങ്ങൾ (യന്ത്രങ്ങളും പ്രക്രിയകളും) നിരന്തരം പുതുക്കിക്കൊണ്ടിരിക്കുന്നതിനെയാണ് 'റീ—ടൂളിങ്ങ്' (പുനരുപകരണവൽക്കരണം) എന്നു പറയുന്നതു്. ഉല്പാദിപ്പിക്കുന്ന ചരക്കിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ഉല്പാദനച്ചെലവു ചുരുക്കുന്നതിനും നിരന്തരമായി റീടൂളിങ്ങ് നടത്തിയേ പററൂ. ഏതു വ്യവസായത്തെയും നവീകരിച്ചു് ലാഭകരമാക്കി നിലനിർത്തുന്നതു് റീടൂളിങ്ങ് ആകുന്നു.

യന്ത്രങ്ങളും ഉല്പാദനപ്രക്രിയകളും നവീകരിക്കുന്നതിന്റെ ഫലമായി കുറെ ആളുകൾക്കു് തൊഴിൽ നഷ്ടപ്പെടുകയെന്നതു് ഏതു വ്യവസായത്തിലും സംഭവ്യമാണ്. ഇങ്ങനെ തൊഴിൽ നഷ്ടപ്പെടുന്നവർക്കു് പുതിയ തൊഴിലുകളിൽ പരിശീലനം നൽകുന്നതാണ് 'റീട്രെയിനിങ്ങ്' (പുനഃപരിശീലനം) കുറെക്കൂടി അദ്ധ്വാനം കുറഞ്ഞതും വരുമാനം കൂടിയതുമായ തൊഴിലുകളിലാവും സാധാരണഗതിയിൽ പുനഃപരിശീലനവും പുനർനിയമനവുമെന്നതിനാൽ തൊഴിലാളികൾക്കു് ഉയർന്നുയർന്നുപോകുന്നതിനു് റീട്രെയ്നിങ്ങ് ഉപകരിക്കുന്നു. റീടൂളിങ്ങിന്റെയും റീട്രെയ്നിങ്ങിന്റെയും പ്രാധാന്യം വ്യവസായങ്ങളുമായി ബന്ധപ്പെട്ട എല്ലാവരും—തൊഴിലാളികളും മുതലാളികളും സർക്കാരും പൊതുജനങ്ങളും—ശരിയായി മനസ്സിലാക്കേണ്ടതുണ്ട്. കയർവ്യവസായത്തെ സംബന്ധിച്ചിടത്തോളം വളരാൻ മാത്രമല്ല, നിലനില്ക്കാൻകൂടി

നാം റീടൂളിങ്ങിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഒരുകാലത്തു് ലോക കയർ വ്യവസായത്തിൽ നമുക്കുണ്ടായിരുന്ന കുത്തക നഷ്ടപ്പെടാൻ കാരണം റീടൂളിങ്ങിനോടു് നാം കാണിച്ച വിദ്വേഷമനോഭാവമാകുന്നു.

പാരമ്പര്യവ്യവസായങ്ങളെ സഹകരണത്തിലൂടെ സംഘടിപ്പിക്കുകയാണു് സർക്കാരിന്റെ നയം. കയർവ്യവസായത്തിലും ഈ നയം നടപ്പിലാക്കാനാണു് സർക്കാർ ശ്രമിച്ചതു്. സൊസൈററികൾക്കു് മൂലധനമായും പ്രവർത്തന ച്ചെലവായും അതാതു് ആവശ്യങ്ങൾക്കു് സഹായമായും ഉദ്യോഗസ്ഥശമ്പളമായും പല വിധത്തിലും സർക്കാർ ധനം നൽകിപ്പോന്നു. എന്നിട്ടും കയർവ്യവസായരംഗത്തിലെ സഹകരണസംഘങ്ങൾ ദുർബലങ്ങളാണെന്നു് പ്ലാനിംഗ് കമ്മീഷൻ കരുതുന്നു. കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്രപ്രദേശം എന്നീ സ്റ്റേററുകളിലായി അഞ്ഞൂററുപത്തെട്ടു് പ്രാഥമിക കയർ സഹകരണസംഘങ്ങളാണുള്ളതു്. ഇവയിൽ നൂററിമുപ്പത്തഞ്ചു് എണ്ണം മാത്രമേ ശരിക്കു നടക്കുന്നുള്ളു. മുന്നൂററെൺപത്തിമൂന്നു് സഹകരണസംഘങ്ങൾ കൂടി ശ്രമിച്ചാൽ നല്ല നിലയിൽ നടത്താൻ കഴിയുന്നതാകും. പക്ഷേ, അതിനു സമയബന്ധിതമായി പല നടപടികളും കൈക്കൊള്ളേണ്ടതുണ്ടു്.

സഹകരണമേഖലയിലെ കയർവ്യവസായത്തിനു് ആണ്ടുതോറും തൊണ്ണൂറു കോടിയോളം തൊണ്ടു് ആവശ്യമുണ്ടു്. 1987—ൽ ലഭിച്ചതാകട്ടെ പതിനൊന്നു കോടി അമ്പത്തിമൂന്നു ലക്ഷം തൊണ്ടു് മാത്രമാണത്രെ തൊണ്ടിന്റെ ലഭ്യത ലെവിസമ്പ്രദായത്തിലൂടെ വർദ്ധിപ്പിക്കാനാണു് സർക്കാർ ശ്രമിക്കുന്നതു്.

ബഹുധാ രോഗാതുരമായ ഈ പാരമ്പര്യവ്യവസായത്തെപ്പററി തുറന്ന ചർച്ചകൾ ആവശ്യമാണു് ബഹുജനങ്ങളുടെ ബോധവൽക്കരണത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിനു് എന്തെങ്കിലും പരിഹാരം ഉരുത്തിരിയാൻ സാധ്യതയുള്ളു.

(ആഗസ്റ്റ് 5, 1988)

# 44. ഗവർണറും മന്ത്രിസഭയും

ഗവർണറും മന്ത്രിസഭയും തമ്മിലുള്ള അഭിപ്രായവ്യത്യാസം അടുത്തകാലത്തു് കേരളത്തിലും ആന്ധ്രപ്രദേശിലും പരക്കെ ചർച്ചാവിഷയമായിട്ടുണ്ടു്. കോൺഗ്രസ് ഇതര മന്ത്രിസഭകൾ നിലവിലുള്ള ഈ സംസ്ഥാനങ്ങളിലെ ഇപ്പോഴത്തെ ഗവർണർമാർ, കേന്ദ്രത്തിൽ അധികാരം പുലർത്തുന്ന കോൺഗ്രസ്സിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നവരാണ്. അവരുടെ കൂറു്, മുഖ്യമായും കോൺഗ്രസ് പാർട്ടിയോടാണെന്നു് കരുതുവാനാണു് ന്യായമുള്ളതു്. കോൺഗ്രസ് പാർട്ടിയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അവർ സ്റ്റേററിൽ ഭരണം നടത്തുന്ന കക്ഷിയുടെയോ കക്ഷികളുടെയോ താല്പര്യങ്ങൾക്കു് എതിരായി പ്രവർത്തിക്കുന്നു എന്ന സംശയം ഉണ്ടാവുന്നതു് സ്വാഭാവികം മാത്രമാണു്. എന്നാൽ, ഗവർണറും മന്ത്രിസഭയും തമ്മിൽ ചുവടൊപ്പിച്ച നീങ്ങാത്തതിനു് കാരണം പാർട്ടി—ഭേദമോ പാർട്ടി—വൈരുദ്ധ്യമോ മാത്രം ആയിക്കൊള്ളണമെന്നില്ല. കോൺഗ്രസ് മന്ത്രിസഭ നിലവിലുള്ള ബിഹാറിലെ ഗവർണർ കോൺഗ്രസ്സിന്റെ പ്രമുഖ നേതാക്കളിൽ ഒരാളാണു്. എന്നിട്ടും ബിഹാറിൽ ഗവർണറും മുഖ്യമന്ത്രിയും തമ്മിലുള്ള ഉരസൽ ഈയിടെ പത്രങ്ങളിൽ വലിയ പ്രാധാന്യം നൽകി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു

നമ്മുടെ ഭരണഘടനയനുസരിച്ചു് സംസ്ഥാനത്തിന്റെ നിർവാഹക അധികാരം ഗവർണറിൽ നിക്ഷിപ്തമായിരിക്കുന്നു. ഗവർണർ നേരിട്ടോ, തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർ മുഖേനയോ ആ അധികാരം പ്രയോഗി